പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 88

26.09.2016 ൽ
മറുപടിക്ക്

## സെൻട്രൽ പോലീസ് ക്യാന്റീൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ സെൻട്രൽ പോലീസ് ക്യാന്റീനുകളിലേക്കുള്ള സെൻട്രലൈസ്ഡ് പർച്ചേസ് സംവിധാനം അവലോകനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനുകളിലേക്കുള്ള സെൻട്രൽ പർച്ചേസ് സംവിധാനം അവലോകനം ചെയ്യുന്നുണ്ട്. സെൻട്രൽ പർച്ചേസ് കമ്മിറ്റി അഥവാ പ്രോഡക്റ്റ് പർച്ചേസ് കൺസൽറ്റേഷൻ കമ്മിറ്റി മീറ്റിങ്ങുകളിൽ മുൻ കമ്മിറ്റിയിൽ എടുത്ത തീരുമാനങ്ങളെ സംബന്ധിച്ച് അവലോകനം നടത്താറുണ്ട്. |
| (ബി) പർച്ചേസിന്റെ ചുമതല ആർക്കാണ് എന്ന് വെളിപ്പെടുത്താമോ ; | (ബി) | കേരളാ പോലീസിന്റെ സെൻട്രൽ പർച്ചേസ് കമ്മിറ്റി അഥവാ പ്രോഡക്റ്റ് പർച്ചേസ് കൺസൽറ്റേഷൻ കമ്മിറ്റിയ്ക്കാണ് ചുമതല. |
| (സി) ഗുണമേന്മയില്ലാത്തതും വിലകൂടിയതും ബ്രാന്റഡ് അല്ലാത്തതുമായ നിത്യോപയോഗ സാധനങ്ങൾ പർച്ചേസ് ചെയ്യുന്നതിലൂടെ ഉണ്ടാകുന്നതായി പറയപ്പെടുന്ന അപാകത കണ്ടെത്തുന്നതിന് അന്വേഷണം നടത്തുമോ; | (സി) | കേരളത്തിലെ സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനുകളിൽ വിതരണം ചെയ്യുന്ന സാധനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള അപാകത കണ്ടെത്തിയാൽ ടി സാധനങ്ങൾ ക്യാന്റീനിൽ നിന്നും പിൻവലിക്കുകയും ടി വിതരണ കമ്പനിയെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുകയും ചെയ്യും. മുൻ കാലങ്ങളിൽ ലഭിച്ച പരാതികളിൽ മേൽതരത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ഏതെങ്കിലും പരാതികൾ ലഭിച്ചാൽ ഉചിതമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) പർച്ചേസ് സുതാര്യവും കുറ്റമറ്റതുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിലെ സംവിധാനം തികച്ചും സുതാര്യമായാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ